കേരള സർക്കാർ
ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്
ശാന്തി നഗർ, തിരുവനന്തപുരം – 695001
ഫോൺ: 0471-2330558, 0471-2331104
Email:cei.kerala@kerala.gov.in
ceikerala@gmail.com
Website: www.ceikerala.gov.in

An IS 15700 : 2018 Certified Department

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നടപടിക്രമം**

**ഹാജർ : വിനോദ്.ജി**

വിഷയം : ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - സീനിയർ ക്ലർക്കുമാരായ ശ്രീ.അഖിലേഷ് വാസുദേവൻ, ശ്രീമതി.ബിന്ദു.കെ എന്നിവർക്ക് സ്ഥലംമാറ്റം നൽകി ഉത്തരവാകുന്നു.

പരാമർശം : 1. കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 10.06.2025 തീയതിയിലെ ഇ.ഐ.സി/435/2025-ഇ നമ്പർ കത്ത്.

2. തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 24.06.2025 തീയതിയിലെ ഇ1-4538/2025/ഇ.ഐ.ആർ നമ്പർ കത്ത്.

3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 31.05.2025 തീയതിയിലെ സി.ഇ.ഐ/1851/2025-ഇ3 നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ : സി.ഇ.ഐ/2160/2025-ഇ2 തീയതി : 30-06-2025</u>**

തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ.നിധീഷ്.സി-യ്ക്ക് പരാമർശം ( 3 ) ഉത്തരവ് പ്രകാരം ഹെഡ്ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയതിനാൽ സീനിയർ ക്ലർക്ക് തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്.

ടി ഒഴിവിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ.അഖിലേഷ് വാസുദേവൻ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ക്ലർക്ക് തസ്തികയിൽ ഒഴിവു വരുന്ന പക്ഷം ടി ഒഴിവിലേക്ക് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബിന്ദു.കെ പരാമർശം (2) പ്രകാരവും അപേക്ഷ സമർപ്പിച്ചിട്ടുണ്ട്

മേൽ സാഹചര്യത്തിൽ കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ.അഖിലേഷ് വാസുദേവനെ (PEN:834447) തിരുവനന്തപുരം ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്കും, തൃശ്ശൂർ ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീമതി.ബിന്ദു.കെ-യെ (PEN:483495) അനുകമ്പാർഹമായ കാരണങ്ങൾ പരിഗണിച്ചുകൊണ്ട് കോഴിക്കോട് ജില്ലാ ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലേക്കും സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു. ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ജീവനക്കാരുടെ വിടുതൽ/പ്രവേശനം എന്നിവ സംബന്ധിച്ച വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിലേയ്ക്ക് റിപ്പോർട്ട്

ചെയ്യേണ്ടതാണ്.

ഈ സ്ഥലംമാറ്റ ഉത്തരവ് അപേക്ഷ പ്രകാരമായതിനാൽ യഥാർത്ഥ യാത്രാസമയത്തിന് മാത്രമേ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ.

ഈ ഉത്തരവ് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. Signed by
Vinod G
Date: 30-06-2025 09:56:33

**ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ**

ശ്രീ.അഖിലേഷ് വാസുദേവൻ, സീനിയർ ക്ലർക്ക് (ഓഫീസ് മേലധികാരി മുഖേന)
ശ്രീമതി. ബിന്ദു.കെ, സീനിയർ ക്ലർക്ക് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :

1. ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കോഴിക്കോട്
2. ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തൃശ്ശൂർ
3. ഐ.ടി.വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ സി.എ
5. കരുതൽ/അധികം